ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.07.2025**

## പ്രധാനവാർത്തകൾ

1. **പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. സഭാ നടപടികൾ തടസപ്പെട്ടു. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് ലോക്സഭയിൽ ഇന്ന് ചർച്ച.**

2. **സംസ്ഥാനത്തെ ആദ്യ കംപ്രസ്സ്ഡ് ബയോ ഗ്യാസ് പ്ലാന്റ് സപ്തംബർ മാസത്തോടെ കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി എം ബി രാജേഷ്.**

3. **കേരളത്തിൽ വരും ദിവസങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കക്കി-ആനത്തോട് ഡാമിൽ ഓറഞ്ച് ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.**

4. **വൈറൽ ഹെപ്പറ്റൈറ്റിസിനെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ട് ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം.**

5. **ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ന് ടൈ ബ്രേക്കർ. ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം വ്യാഴാഴ്ച .**

&&&&&&&&&&&&&&&&&&

RNU TVPM

### ഓപ്പറേഷൻ സിന്ദൂർ

¬പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം, ഛത്തീസ്ഗഢിലെ

കന്യാസ്ത്രീമാരുടെ അറസ്റ്റ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഒരു മണിവരെയും രാജ്യസഭ രണ്ട് മണി വരെയും നിർത്തിവച്ചു. ഛത്തീസ്ഗഢ് വിഷയം ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം തള്ളിയതോടെ ഇരുസഭകളും പ്രക്ഷുബ്ധമാകുകയായിരുന്നു. 12 മണിവരെ നിർത്തിവച്ച സഭകൾ വീണ്ടും സമ്മേളിച്ചെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് വീണ്ടും തടസപ്പെട്ടു. വിഷയത്തിൽ പ്രതിപക്ഷം പാർലമെൻറിന് പുറത്തും പ്രതിഷേധിച്ചു. സ്വച്ഛത ഗ്രീൻ ലീഫ് റേറ്റിങ് സംബന്ധിച്ച ചോദ്യങ്ങൾക്ക് ജൽശക്തി മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് ലോക്സഭയിൽ മറുപടി നൽകി. എ.ഐ.എ.ഡി.എം.കെ- യുടെ എം ധനപാൽ, ഐ എസ് ഇംബദുരൈ എന്നിവരുടെ സത്യപ്രതിജ്ഞയ്ക്ക് രാജ്യസഭ സാക്ഷ്യം വഹിച്ചു. അതേസമയം ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് ലോക്സഭ ഇന്ന് ചർച്ച ചെയ്യും. 16 മണിക്കൂറാണ് ലോക്സഭയിൽ ചർച്ചക്കായി സമയം അനുവദിച്ചിരിക്കുന്നത്. നാളെ രാജ്യസഭയും 16 മണിക്കൂർ വിഷയം ചർച്ച ചെയ്യും.

RNUTVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി കത്ത്

ഛത്തീസ്ഗഢിൽ അറസ്റ്റ് ചെയ്ത കന്യാസ്ത്രീകൾക്ക് നീതി ലഭ്യമാക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. വിഷയത്തിൽ സുതാര്യവും നീതിയുക്തവുമായ നടപടി ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു. അതേസമയം വിഷയത്തിൽ അടിയന്തരമായ

ഇടപെടൽ നടത്തിയതായും നിരപരാധികളായ ആരും ശിക്ഷിക്കപ്പെടില്ല എന്ന ഉറപ്പ് ഛത്തീസ്ഗഢ് മുഖ്യമന്ത്രിയിൽ നിന്ന് ലഭിച്ചതായും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**എം ബി രാജേഷ്-KZD**

സംസ്ഥാനത്തെ ആദ്യത്തെ കംപ്രസ്സ്ഡ് ബയോ ഗ്യാസ് പ്ലാന്റ് സെപ്റ്റംബറോടെ കമ്മീഷൻ ചെയ്യും. കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന പ്ലാൻറിൻറെ ട്രയൽ റൺ ആരംഭിച്ചതായി മന്ത്രി എം ബി രാജേഷ് പറഞ്ഞു. കോഴിക്കോട് ഞെളിയൻ പറമ്പിൽ സ്ഥാപിക്കുന്ന പ്ലാൻ്റിൻ്റെ കരാറിൽ കേരള സർക്കാരും കോഴിക്കോട് കോർപ്പറേഷനും ബിപിസിഎൽ-ഉം ഒപ്പു വെക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് അഞ്ച് പ്ലാൻ്റുകൾക്കുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി അറിയിച്ചു .

RNUTVPM

&&&&&&&&&&&&&&&&&&

**തിരുവോണം ബമ്പർ- ധനമന്ത്രി**

ഈ വർഷത്തെ തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ പ്രകാശനം ധനമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിച്ചു. 500 രൂപ വിലയുള്ള ടിക്കറ്റിന്റെ ഒന്നാം സമ്മാനം 25 കോടി രൂപയാണ്. സർക്കാരിൻറെ പൂർണ നിയന്ത്രണത്തിലുള്ള, രാജ്യത്ത് തന്നെ ശ്രദ്ധിക്കപ്പെടുന്ന ലോട്ടറിയാണ്

കേരളത്തിൻറേതെന്ന് ധനമന്ത്രി പറഞ്ഞു. ഒരു ലക്ഷത്തിലേറെപ്പേർക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പാക്കുന്ന മേഖലയാണ് ലോട്ടറിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**മഴ-കേരളം**

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ചവരെയും കർണ്ണാടകാ തീരത്ത് വ്യാഴാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

**കക്കി ഡാം**

ശക്തമായ മഴയെ തുടർന്ന് പത്തനംതിട്ട കക്കി-ആനത്തോട് ഡാമിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പമ്പാ നദിയുടെയും കക്കാട്ടാറിൻറെയും കരകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന 8 സ്കൂളുകൾക്കും സുരക്ഷ മുൻനിർത്തി മറ്റ് 15 സ്കൂളുകൾക്കും ഇന്ന് അവധിയാണ്.

&&&&&&&&&&&&&&&&&&

**ആലപ്പുഴ - മഴ (INTRO)**

RNUTVPM

കുട്ടനാട്ടിൽ പെയ്ത ശക്തമായ മഴയിൽ നദികൾ കരകഞ്ഞൊഴുകുകയാണ്. റോഡുകളിൽ വെള്ളക്കെട്ട് രൂപപ്പെട്ടതിനാൽ മുട്ടാർ - കിടങ്ങര , തായങ്കരി-എടത്വ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ് താൽകാലികമായി നിർത്തി വച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**ശബരിഗിരി പദ്ധതി**

സംസ്ഥാനത്തെ ഏറ്റവും ഉയർന്ന മഴ നിരക്ക് ശബരിഗിരി പദ്ധതി പ്രദേശത്ത്. സംഭരണിയിലെ ജലനിരപ്പ് 66 ശതമാനമായി. ശക്തമായ നീരൊഴുക്കിലും റെക്കോർഡ് വർദ്ധനവാണ് രേഖപ്പെടുത്തിയത്. ശബരിഗിരിയിൽ കഴിഞ്ഞ ദിവസം മാത്രം 33. 283 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ജലമാണ് ഒഴുകിയെത്തിയത്ത്.

&&&&&&&&&&&&&&&&&&

**മലപ്പുറം തീരദേശ മേഖല**

മലപ്പുറം താനൂരിലെ തീരദേശ മേഖലയിൽ കടൽ പ്രക്ഷുബ്ദമായതോടെ പ്രദേശവാസികൾ ആശങ്കയിൽ. താനൂർ ഹാർബറിന് തെക്ക് ഒസ്സാൻ കടപ്പുറം, എടക്കടപ്പുറം, അഞ്ചുടി ഭാഗങ്ങളിലാണ് ശക്തമായ

PNU TVPM

തിരമാല ഉയരുന്നത്. പൊന്നാനി, തിരൂർ തീരങ്ങളിലും കടൽ പ്രക്ഷുബ്ധമാണ്.

&&&&&&&&&&&&&&&&&&

**കണ്ണൂർ -നിരോധനം**

കണ്ണൂർ ജില്ലയിൽ ഖനന പ്രവർത്തനങ്ങൾക്കുണ്ടായിരുന്ന നിരോധനം പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. കനത്ത മഴയ്ക്ക് ശമനം ഉണ്ടായ പശ്ചാത്തലത്തിലാണ് നടപടി. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്കും ഒഴിവാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

**കണ്ണൂർ (INTRO)**

അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കണ്ണൂർ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻറെ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലേക്ക്. വികസന പ്രവർത്തികൾ പൂർത്തിയാവുന്നതോടെ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ ജില്ലക്ക് തിലകക്കുറിയായി മാറും.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## ഫിഡെ ചെസ് വനിതാ ലോകകപ്പ്

ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും തമ്മിലുള്ള രണ്ടാം റൗണ്ട് മത്സരവും സമനിലയിൽ. ശനിയാഴ്ച നടന്ന ആദ്യ മത്സരവും സമനിലയിൽ അവസാനിച്ചിരുന്നു. ഇന്ന് നടക്കുന്ന ടൈ ബ്രേക്കറാകും വിജയിയെ നിശ്ചയിക്കുക. ഇന്ത്യൻ സമയം 1.35ന് ജോർജ്ജിയയിലെ ബത്തുമിയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ആൻഡേഴ്സൺ-തെണ്ടുൽക്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം വ്യാഴാഴ്ച ഓവലിൽ നടക്കും. പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്. ഇന്നലത്തെ മത്സരത്തിനിടെ പരിക്കേറ്റ ഋഷഭ് പന്തിനു പകരം അഞ്ചാം ടെസ്റ്റിൽ നാരായൺ ജഗദീശൻ എത്തുമെന്ന് ബിസിസിഐ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ഹെപ്പറ്റെറ്റിസ് - (INTRO)

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. ഗുരുതരമായ കരൾ രോഗത്തിനും, കാൻസറിനും കാരണമാകുന്ന വൈറൽ ഹെപ്പറ്റൈറ്റിസിനെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ജൂലൈ 28 ന് ഹെപ്പറ്റൈറ്റിസ് ദിനം ആചരിക്കുന്നത് . നമുക്ക് തകർക്കാം ഹെപ്പറ്റൈറ്റിസ്

എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. വാക്സിനേഷനൊപ്പം ,ശുചിത്വം പാലിക്കുന്നതാണ് ഹെപ്പറ്റൈറ്റിസ് പ്രതിരോധിക്കാനുള്ള ഫലപ്രദമായ മാർഗമെന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ബി.പദ്മകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## മോഹൻ ഭഗവത്

ശിക്ഷ സംസ്കൃതി ഉത്ഥാൻ ന്യാസിൻ്റെ ജ്ഞാനസഭ ഇന്ന് കൊച്ചിയിൽ സമാപിക്കും. സമാപനസഭയിൽ RSS സർസംഘ് ചാലക് മോഹൻഭാഗവത് മുഖ്യപ്രഭാഷണം നടത്തും.
വിദ്യാഭ്യാസത്തിലൂടെ വികസിത ഭാരതം എന്ന വിഷയത്തെ ആസ്പദമാക്കി രാവിലെ ആരംഭിച്ച ചർച്ചയിൽ വൈസ് ചാൻസലർമാരും, വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## വർക്കിച്ചൻ മണിമല

സ്വാതന്ത്ര്യസമരസേനാനി വർക്കിച്ചൻ മണിമല അന്തരിച്ചു. 96 വയസ്സ് ആയിരുന്നു. സംസ്കാരം മറ്റന്നാൾ തൊടുപുഴ പള്ളാക്കാമുറി ലിറ്റിൽ ഫ്ലവർ പള്ളിയിൽ നടക്കും.

PNUTVPM

&&&&&&&&&&&&&&&&&&

## പിണറായി വിജയൻ അനുശോചനം

വെള്ളൂരിലെ കർഷക - കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആദ്യകാല പ്രവർത്തകനും അധ്യാപക പ്രസ്ഥാനത്തിൻ്റെ നേതാവുമായ പി പി ഭാസ്കരൻ മാസ്റ്ററുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കേരളത്തിലെ വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങൾക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും നികത്താനാവാത്ത വിടവാണ് ഭാസ്കരൻ മാസ്റ്ററുടെ വിയോഗമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

## ജില്ലാകോടതിപ്പാല - ട്രയൽ റൺ

-

ആലപ്പുഴ ജില്ലാക്കോടതിപ്പാലത്തിൻറെ പുനർനിർമാണവുമായി ബന്ധപ്പെട്ട് മാറ്റിവെച്ച ട്രയൽ റൺ നാളെ ആരംഭിക്കും. ഗതാഗത നിയന്ത്രണങ്ങൾക്കായുള്ള ട്രയൽ റൺ മറ്റന്നാൾ വരെ തുടരും.

&&&&&&&&&&&&&&&&&&

## ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്. മുംബൈ ഓഹരി സൂചിക സെൻസെക്സ് 188 പോയിൻറ് നഷ്ടത്തിൽ 81,277 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 51 പോയിൻറ് നഷ്ടത്തിൽ 24,786-ലും വ്യാപാരം തുടരുകയാണ്.

സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,160 രൂപയും പവന് 73,280 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&

**പരിക്കേറ്റു**

കണ്ണൂരിൽ ബസ് നിയന്ത്രണം വിട്ട് തൊട്ടിലേക്ക് മറിഞ്ഞ് പത്തിലധികം പേർക്ക് പരിക്കേറ്റു. കണ്ണൂർ ചെറുപുഴ മുതുവത്ത് റോഡരികിലായിരുന്നു അപകടം .

&&&&&&&&&&&&&&&&&&

**നെഹ്റു ട്രോഫി**

71-◌ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാനുള്ള മത്സരത്തിലേക്ക് എൻട്രികൾ ഇന്ന് വൈകുന്നേരം അഞ്ച് വരെ നൽകാം. ആഗസ്റ്റ് 30ന് നാണു ജലമേള.കമ്പ്യൂട്ടറിൽ തയ്യാറാക്കിയ എൻട്രികളും സ്വീകരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടിയ്ക്ക് 10,001 രൂപ സമ്മാനമായി നൽകും.

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

PNU TVPM